# നബിയുടെ ഗാർഹിക ജീവിതം

**അമീൻ അഹ്സൻ ഇസ്‌ലാഹി**

**ഒരു** വ്യക്തിയുടെ സ്വഭാവ ശീലങ്ങളുടെ യഥാർഥ കണ്ണാടി ഗാർഹിക ജീവിതമത്രെ. മാന്യതയുടെ കപട വേഷമണിഞ്ഞു, യാഥാർഥ്യവിരുദ്ധമായത് പുറത്ത് പ്രദർശിപ്പിക്കാൻ ഒരാൾക്ക് കഴിഞ്ഞേക്കാം. എന്നാൽ വീട്ടിനുള്ളിൽ മൂടുപടമണിഞ്ഞിരിക്കാൻ ഏറെക്കാലം തരപ്പെടില്ല. ഒന്നാമത് അത്തരമൊരു പാഴ്ശ്രമത്തിനു ആരും മുതിരുകയില്ല. അതിനാൽ ഏതൊരാളെക്കുറിച്ചും നിഷ്കൃഷ്ടമായറിയാനുള്ള ഉരകല്ല് ഗാർഹിക ജീവിതമാണ്. വീട്ടിൽ അയാളെങ്ങനെ എന്നാണ് നോക്കേണ്ടത്. പുറത്ത് ദൈവഭക്തിയെയും സൂക്ഷ്മതയെയും കുറിച്ച് അയാൾ നൽകുന്ന സാരോപദേശങ്ങൾ ആദ്യമായി സ്വയം പ്രയോഗവൽക്കരിച്ചിട്ടുണ്ടോ? ഭാര്യാസന്താനങ്ങൾ അവ അനുസരിച്ചിട്ടുണ്ടോ? അല്ലാഹുവിന്റെ പടയാളിയായി ചമഞ്ഞ് ഏതൊരു ദീനിന്റെ സംസ്ഥാപനത്തിനുവേണ്ടി അയാൾ പടപൊരുതുന്നുണ്ടോ ആ ദീനിനെ സ്വന്തം ഭവനത്തിൽ സംസ്ഥാപിച്ചിട്ടുണ്ടോ? ജനങ്ങളിൽ നട്ടുവളർത്താനുദ്ദേശിക്കുന്ന അർപ്പണബോധം, ത്യാഗാഭിവാഞ്ഛ, സഹനശീലം, സഹിഷ്ണുത, മത നിഷ്ഠ ഇത്യാദി സൽഗുണങ്ങൾകൊണ്ട് എന്തുമാത്രം പ്രഭാപൂരിതമാണ് അയാളുടെ കുടുംബജീവിതം? ഈയുരകല്ലിൽ മാറ്റുകൂട്ടുന്ന ആളുടെ സ്വഭാവ മഹിമയും, മേന്മയും നിഷേധിക്കാവതല്ല. അയാളുടെ ആശയാഭിപ്രായങ്ങളുമായി വിയോജിപ്പുണ്ടെങ്കിൽത്തന്നെ സ്വഭാവ ദൂഷ്യമുള്ളവനായി നമുക്കയാളെ മുദ്രയടിക്കാൻ കഴിയില്ല.

ഇതേ ഉരകല്ലിൽ തിരുനബി(സ)യുടെ സ്വഭാവ ചര്യകളെയും നമുക്ക് മാറ്റുരച്ചു നോക്കാം. റസൂലിന്റെ പ്രസംഗവും വീട്ടിൽ അദ്ദേഹത്തിന്റെ പ്രവർത്തനവും തമ്മിൽ പൊരുത്തപ്പെട്ടിട്ടുണ്ടോ എന്നു നമുക്ക് പരിശോധിക്കാം. ഭാഗ്യമെന്നു പറയട്ടെ, നബി(സ)യുടെ ജീവിതം മുഴുവൻ ലോകത്തിന്റെ മുമ്പിലുണ്ട്. പള്ളിയിൽ അനുചരന്മാരുടെ സവിധത്തിൽ അദ്ദേഹം പറഞ്ഞതും പ്രവർത്തിച്ചതും പ്രാമാണിക തെളിവുകളോടെ നമുക്ക് പറയാവുന്നപോലെ ഭാര്യാസന്തതികളോടൊത്ത് അദ്ദേഹമെങ്ങനെ കഴിഞ്ഞുവെന്നും വിശ്വാസയോഗ്യമായ നിലയിൽ നമുക്കറിവായിട്ടുണ്ട്. രഹസ്യമെന്നും പരസ്യമെന്നുമുള്ള രണ്ടു ഭിന്ന മേഖലകളിലായി വിഭജിക്കപ്പെട്ടിരുന്നില്ല റസൂലിന്റെ ജീവിതം. ആർക്കും എപ്പോഴും കാണാൻ കഴിയുമാറ് പൊതുജന സമക്ഷം തുറന്നിട്ടിരിക്കുകയായിരുന്നു അത്. ശത്രുക്കളുടെയും മിത്രങ്ങളുടെയും മുമ്പാകെ ഒരു തുറന്ന പുസ്തകമായിരുന്നു തിരുമേനിയുടെ ജീവിതം. റസൂലിനെ മാതൃകയാക്കുന്നവർക്ക് മാതൃകയാക്കാനും വിമർശിക്കുന്നവർക്ക് നിർദയം വിമർശിക്കാനും അതുവഴി സാധിക്കുമായിരുന്നു.

സാധാരണ ഗതിയിൽ ഗാർഹിക രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരിയാണ് ഭാര്യ. ഇതിനൊരപവാദമാണ് പ്രവാചക പത്നിമാർ. ജനപ്രതിനിധികളെന്ന നിലക്ക് പ്രവാചക ജീവിതത്തിന്റെ സൂക്ഷ്മതരങ്ങളായ വശങ്ങൾ പോലും അവർ ഹൃദിസ്ഥമാക്കിവെച്ചു. അങ്ങേയറ്റത്തെ വിശ്വസ്തതയോടും സത്യസന്ധതയോടും പൊതുജനസമക്ഷം സമർപ്പിച്ചു. അവിടുത്തെ രഹസ്യവും പരസ്യവുമായ ജീവിതങ്ങൾക്കിടയിൽ എന്തുമാത്രം യോജിപ്പും ഏകീഭാവവുമുണ്ടെന്ന് ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു അതിന്റെ ഉദ്ദേശ്യം.

ഇതെഴുതുമ്പോഴും അതേ ലക്ഷ്യമാണ് എന്റെ മുമ്പിലിരിക്കുന്നത്. വിശുദ്ധ ജീവിതത്തെ ഖുർആനിലൂടെ ഗ്രഹിക്കാൻ പാകത്തിൽ പ്രതിപാദ്യ വസ്തു

**മാനവ ലോകത്തെ സമുദ്ധരിക്കുകയും ദിവ്യഗ്രന്ഥവും തത്വജ്ഞാനവും അഭ്യസിപ്പക്കുകയുമാണ് പ്രവാചക ദൗത്യത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. തൽകർത്തവ്യ നിർവഹണത്തിൽ നബിയുടെ സഹായഹസ്തമായി വർത്തിക്കേണ്ടവരാണ് പ്രവാചക പത്നിമാർ. മുഴുവൻ മാനവരാശിയുടെ മാർഗദർശകനും പ്രവാചകനുമെന്ന നിലക്ക് മുഹമ്മദ് നബി(സ)യുടെ സ്ഥാനം എത്രയും മഹത്തരമാണ്. അപ്രകാരം തന്നെ നബിയുടെ ഭാര്യമാർ മുസ്‌ലിം സ്ത്രീ പുരുഷന്മാരുടെ മുഴുവൻ മാതാക്കളാണ്.**

ക്കൾ കഴിവതും ഖുർആനിൽനിന്ന് എടുക്കാൻ ശ്രമിച്ചിട്ടുണ്ട്. വിസ്തരിച്ചു പറയേണ്ട സന്ദർഭങ്ങളിൽ ഹദീസ് ചരിത്രരേഖകളും അവലംബിച്ചിട്ടുണ്ട്.

രാപ്പകൽ അവിടുന്നു വ്യാപൃതനായിരുന്ന അതേ ദൗത്യമായിരുന്നു അവിടുത്തെ പത്നിമാരുടെയും ദൗത്യം. നബിയുടെ ഗാർഹിക ജീവിതത്തിൽ പ്രകടമായ വശവും അതുതന്നെ. ദൈവത്തെ അനുസരിക്കണമെന്നും ആരാധിക്കണമെന്നും റസൂൽ സാരോപദേശം നടത്തുക, സ്വന്തം ഭാര്യമാർ അതെല്ലാം അവഗണിച്ചുകൊണ്ടു ദുൻ പ്രമത്തതയിലും ഭൗതിക സുഖഭോഗങ്ങളിലും മതിമറന്നു ല്ലസിക്കുക എന്നതായിരുന്നില്ല സ്ഥിതി. പുറത്ത് ഐഹിക വിരക്തിയെയും സംതൃപ്തിയെയും കുറിച്ച് പ്രസംഗിക്കുകയും ദൈവിക മാർഗത്തിൽ ജനങ്ങളെ സമരോത്സുകരാക്കുകയും ചെയ്യുക, വീട്ടിൽ കാലെടുത്തുവെക്കുന്നതോടെ അതെല്ലാം വിസ്മരിച്ച് സുഖാസക്തിയും ആഹ്ലാദ പ്രകർഷങ്ങളിലും വ്യാപൃതനാവുക-വാക്കിലും പ്രവൃത്തിയിലുമുള്ള ഈ വൈരുധ്യം നബിയിൽ കണുക സാധ്യമല്ല. ഏക ദൗത്യത്തിന്റെ പതാകവാഹകനായിക്കൊണ്ടാണ് വീട്ടിനകത്തും പുറത്തും അവിടുന്നു ജീവിച്ചിരുന്നത്. നബിയുടെ അനുഗൃഹീത ദൗത്യത്തിന്റെ പതാകവാഹകനായിക്കൊണ്ടാണ് വീട്ടിനകത്തും പുറത്തും അവിടുന്നു ജീവിച്ചിരുന്നത്. നബിയുടെ അനുഗൃഹീത ദൗത്യത്തെ ഖുർആൻ വിവരിക്കുന്നത് കാണുക: "നിരക്ഷരന്മാർക്ക് അവരിൽനിന്നു തന്നെ ഒരു പ്രവാചകനെ നിയോഗിച്ചവനാണ് അല്ലാഹു. അദ്ദേഹം അവർക്ക് ദൈവ വാക്യങ്ങൾ ഓതിക്കൊടുക്കുകയും അവരെ സംസ്കരിച്ചെടുക്കുകയും വേദവും തത്വജ്ഞാനവും അഭ്യസിപ്പിക്കുകയും ചെയ്യുന്നു."

വിശുദ്ധപത്നിമാരെ എവ്വിധവും മാർഗഭ്രംശം വരുത്തി ഭൗതികമായ വർണപ്പകിട്ടുകളിലേക്ക് അവരുടെ ശ്രദ്ധയാകർഷിക്കാൻ കപടവിശ്വാസികളും കപടവിശ്വാസിനികളും ഗൂഢമായി ശ്രമിച്ചപ്പോഴാണ് ഖുർആന്റെ ഈ പ്രസ്താവമുണ്ടായത്. കപടവിശ്വാസികൾ പ്രവാചക പത്നിമാരുടെ ചെവികളിൽ ഇപ്രകാരം ദുർമന്ത്രണം നടത്തി: 'പണക്കാരുടെയും പ്രമാണിമാരുടെയും മക്കളാണല്ലോ നിങ്ങൾ. നിങ്ങൾ വളർന്നതോ ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും മടിത്തട്ടിലും. ഈ മുഹമ്മദ് നിങ്ങളെ മുഴുപ്പട്ടിണിക്കിടുകയാണ്. അയാളെ

**പത്നിമാരിൽ ചിലരെങ്കിലും നബി(സ)യെ നിരാകരിക്കുമെന്നും അതുവഴി നബിക്കെതിരിലുള്ള ഉഗ്രമായ പ്രചാരവേലക്കു പുതിയ കരുക്കൾ കിട്ടുമെന്നും അവർ വ്യാമോഹിച്ചു. തങ്ങളുടെ മധുര സ്വപ്നങ്ങൾ തട്ടിത്തകർത്തുകൊണ്ട് നബിയോടുള്ള ഭാര്യമാരുടെ അനുസരണ വാഞ്ഛയും സ്നേഹാദരങ്ങളും പതിന്മടങ്ങു വർധിച്ചതായി കണ്ട മുനാഫിഖുകൾ അത്ഭുതസ്തബ്ധരായി.**

കൈയൊഴിക്കുന്നപക്ഷം വലിയ പ്രമാണിമാർ നിങ്ങളുമായി വിവാഹാഭ്യർഥന നടത്തും. എന്നാൽ സുഖത്തിൽ ജീവിക്കാം.'

ഈ മാതിരി പൈശാചിക പ്രലോഭനങ്ങൾക്കതീതരാണ് നബിയുടെ ഭാര്യമാരെന്നിരിക്കിലും മനുഷ്യന്റെ സഹജമായ ദൗർബല്യം മുൻനിർത്തി ഉത്കൃഷ്ടമായ പദവിയിലാണ് തങ്ങളെന്നും അതിനാൽ വന്നുചേരുന്ന പ്രത്യേക ബാധ്യതകൾ നിറവേറ്റാൻ ദൈവം അവരെ ചുമതലപ്പെടുത്തിയിരിക്കുന്നുവെന്നും അവർ അവരോധിക്കപ്പെട്ടിരിക്കുന്ന അത്യുന്നത പദവിയുമായി തുലനം ചെയ്യുമ്പോൾ ഭൗതികമായ പകിട്ടും പ്രതാപവും എത്രയും നിസ്സാരമാണെന്നും അല്ലാഹു അവരെ ഉണർത്തിച്ചു. ഖുർആന്റെ വാക്കുകളിൽ: "പ്രവാചക പത്നിമാരേ, സാധാരണ സ്ത്രീകളെപ്പോലെയല്ല നിങ്ങൾ. നിങ്ങൾ കൊഞ്ചിക്കുണുങ്ങി സംസാരിക്കരുത്. മനോരോഗമുള്ളവനിൽ കൊതിയൂറാൻ അത് കാരണമായേക്കും. മര്യാദയിൽ സംസാരിക്കുക. വീടുകളിൽ അടങ്ങിയൊതുങ്ങി കഴിയുക. പഴയ 'ജാഹിലിയ്യാ' കാലത്തെപ്പോലെ അണിഞ്ഞൊരുങ്ങി പുറത്ത് നടക്കരുത്. അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക; ദുൻയാവിന്റെ മാലിന്യങ്ങളിൽനിന്ന് നിങ്ങളെ സംശുദ്ധമാക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങളുടെ ഭവനങ്ങളിൽ പാരായണം ചെയ്യപ്പെടുന്ന കിതാബിനെയും ഹിക്മത്തിനെയും കുറിച്ച് സ്മരിക്കുക. സൂക്ഷ്മജ്ഞനും സൂക്ഷ്മദൃക്കുമാണ് അല്ലാഹു."

മാനവ ലോകത്തെ സമുദ്ധരിക്കുകയും ദിവ്യഗ്രന്ഥവും തത്വജ്ഞാനവും അഭ്യസിപ്പക്കുകയുമാണ് പ്രവാചക ദൗത്യത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. തൽകർത്തവ്യ നിർവഹണത്തിൽ നബിയുടെ സഹായഹസ്തമായി വർത്തിക്കേണ്ടവരാണ് പ്രവാചക പത്നിമാർ. മുഴുവൻ മാനവരാശിയുടെ മാർഗദർശകനും പ്രവാചകനുമെന്ന നിലക്ക് മുഹമ്മദ് നബി(സ)യുടെ സ്ഥാനം എത്രയും മഹത്തരമാണ്. അപ്രകാരം തന്നെ നബിയുടെ ഭാര്യമാർ മുസ്ലിം സ്ത്രീ പുരുഷന്മാരുടെ മുഴുവൻ മാതാക്കളാണ്. അവരെ മാതൃകയാക്കി റസൂലിൽ നിന്നു അവർ നേരിട്ടു പഠിച്ച ജീവിത മാർഗം അനുധാവനം ചെയ്യേണ്ടതാണ്.

## സ്വതന്ത്രമായ തെരഞ്ഞെടുപ്പ്

ദുൻയാവിലും ഐഹിക സുഖാഡംബരങ്ങളിലും വിരക്തരായി പ്രവാചകാനുസരണത്തിനും ദീനിന്റെ പ്രബോധന പ്രചാരണത്തിനും ഖുർആൻ-ഹദീസ് പഠനത്തിനും സ്വയം ഉഴിഞ്ഞുവെച്ച പ്രവാചക പത്നിമാർ ഗത്യന്തരമില്ലാഞ്ഞിട്ടല്ല അപ്രകാരം ചെയ്തത്. തങ്ങളുടെ ഭർത്താവ് ഒരു പ്രത്യേക ജീവിത രീതിയുടെയും നിർണിത ദൗത്യത്തിന്റെയും ആജ്ഞാനുവർത്തിയായിരിക്കയാൽ, മനമില്ലാമനസ്സോടെ നിങ്ങളും അദ്ദേഹത്തിന്റെ കൃത്യത്തിൽ ഭാഗഭാക്കാവുക എന്ന നിലക്കായിരുന്നില്ല അത്. നബി അവർക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകി. അദ്ദേഹം അവർക്ക് ദുൻയാവ് വെച്ചുനീട്ടി. എങ്കിലും അവരതെല്ലാം നിരസിക്കുകയാണുണ്ടായത്. നബി തിരുമേനിയുടെ സന്തത സഹചാരിത്വമാണ് അവർ അഭികാമ്യമായി കരുതിയത്.

കപടവിശ്വാസികളും കുനുഷ്ഠ് വെച്ചുപുലർത്തുന്നവരും പ്രവാചക പത്നിമാരെ വഴിതെറ്റിക്കാൻ പലപാട് ശ്രമിച്ചുനോക്കിയിട്ടുണ്ട്. എങ്കിലും നബിയിൽ അവർക്കുണ്ടായിരുന്ന അളവറ്റ വിശ്വാസത്തിനും നിസ്സീമമായ സംതൃപ്തിക്കും യാതൊരു കോട്ടവും തട്ടിയില്ല. കപടവിശ്വാസികളുടെ നിഗൂഢ ശ്രമങ്ങൾ അത്യന്തം ശക്തിപ്പെട്ടപ്പോൾ അല്ലാഹുവിനെയും റസൂലിനെയും അതല്ലെങ്കിൽ ഐഹിക വശ്യതകൾ രണ്ടാലൊന്ന് പൂർണമനസ്സോടെ സ്വീകരിക്കാൻ നബി(സ) ഭാര്യമാർക്കവസരം നൽകി. ക്ഷണഭം

ഗുരമായ ദുൻയാവിന്റെ വർണപ്പകിട്ടാണവർ ആഗ്രഹിക്കുന്നതെങ്കിൽ വിവാഹമോചനം നൽകാനും അവകാശങ്ങൾ ഒന്നൊഴിയാതെ നിറവേറ്റിക്കൊടുക്കാനും അല്ലാഹുവും റസൂലും ഒരുക്കമാണെന്ന് നബി(സ) അവരെ ധരിപ്പിച്ചു. നേരെ മറിച്ച് ദുൻയാവിനെ പാടെ ത്യജിച്ചുകൊണ്ട് നബിയുടെ സന്തത സഹചാരിത്വവും ദീനീ സംസ്ഥാപനത്തിനായുള്ള സമരത്തിൽ സ്വയം അർപ്പണവുമാണ് അവർക്ക് അഭികാമ്യമായി തോന്നുന്നതെങ്കിൽ വിരക്തിയുടെയും സംതൃപ്തിയുടെയും ഈ ലളിത ജീവിതത്തിൽ അവർ തൃപ്തരാവേണ്ടിവരും. "നബീ, ഭാര്യമാരോട് പറയുക: ദുൻയാവും അതിന്റെ ആർഭാടങ്ങളുമാണ് നിങ്ങൾ അഭിലഷിക്കുന്നതെങ്കിൽ വരൂ! ഞാൻ നിങ്ങളുടെ അവകാശങ്ങൾ പൂർണമായി നൽകാം; ഭംഗിയായി നിങ്ങളെ മോചിപ്പിക്കാം. പ്രത്യുത, അല്ലാഹുവിനെയും റസൂലിനെയും പരലോകത്തെയുമാണ് തേടുന്നതെങ്കിൽ സമാശ്വസിക്കുക; സഹനശീലർക്ക് അർഹമായ പ്രതിഫലം നൽകുന്നവനാണ് അല്ലാഹു" (*അഹ്സാബ്*)

ഒരുവശത്ത് ഇങ്ങനെയൊരു സ്വാതന്ത്ര്യം നൽകുക വഴി നബിയുടെ ഭാര്യമാർക്കൊരു സുവർണാവസരമാണ് കൈവന്നത്. ദീനിന്റെ സംസ്ഥാപനത്തിലും അതിനായുള്ള സമരത്തിലും സ്വമേധയാ നബിയുടെ സഹയാത്രികരാവാനും അതുവഴി ലഭ്യമാവുന്ന പ്രതിഫലത്തിൽ പൂർണാവകാശികളാകാനും പ്രവാചക പത്നിമാർക്ക് സാധിച്ചു.

മറുവശത്ത് നബിയുടെ ദാമ്പത്യം ശിഥിലവും പ്രക്ഷുബ്ധവുമാവുന്നത് കണ്ടു കൺകുളിർക്കാൻ നെടുനാൾ ശ്രമിച്ചുപോന്ന മുനാഫിഖുകൾക്ക് തങ്ങളുടെ കുത്സിത യത്നങ്ങളുടെ പരിണിതഫലം നേരിൽ കണ്ടറിയാൻ കഴിഞ്ഞു. നബിയുടെ പ്രസ്തുത വിളംബരം കേട്ട കപടവിശ്വാസികൾ തങ്ങളുടെ ചിരകാല യത്നത്തിന്റെ ഫലം കൊയ്തെടുക്കാൻ കാലമായെന്നു കരുതി. അതെ തുടർന്നു പത്നിമാരിൽ ചിലരെങ്കിലും നബി(സ)യെ നിരാകരിക്കുമെന്നും അതുവഴി നബിക്കെതിരിലുള്ള ഉഗ്രമായ പ്രചാരവേലക്കു പുതിയ കരുക്കൾ കിട്ടുമെന്നും അവർ വ്യാമോഹിച്ചു. തങ്ങളുടെ മധുര സ്വപ്നങ്ങൾ തട്ടിത്തകർത്തുകൊണ്ട് നബിയോടുള്ള ഭാര്യമാരുടെ അനുസരണ വാഞ്ഛയും സ്നേഹാദരങ്ങളും പതിന്മടങ്ങു വർധിച്ചതായി കണ്ട മുനാഫിഖുകൾ അത്ഭുതസ്തബ്ധരായി. നബിയുടെ പത്നിമാർ വ്യക്തമായ വാക്കുകളിൽ ഇക്കാര്യം വെളിപ്പെടുത്തി:

"താങ്കളോടുള്ള അനുസരണത്തിനു മുമ്പിൽ സർവലോകാധികാരവും പണവും പ്രതാപവും കേവലം തുഛമാണ്." പ്രവാചക പത്നിമാരുടെ ജീവിതം ഈ പാവന ദൗത്യവുമായി ബന്ധപ്പെടാൻ കാരണം നബിയുടെ ഭാര്യാപദം സ്വീകരിച്ചതുകൊണ്ടല്ലെന്നും അവരോരുത്തരുടെയും സാക്ഷാൽ ജീവിതാഭിലാഷം അതായിരുന്നെന്നും നബിയുടെ ശത്രുക്കൾക്കും മിത്രങ്ങൾക്കും ഒരുപോലെ ബോധ്യപ്പെട്ടു.

നബികുടുംബം ദുൻയാവിനു പകരം ആഖിറത്തെയും ഐശ്വര്യത്തിനും സമൃദ്ധിക്കും പകരം പട്ടിണിയെയും ലളിത ജീവിതത്തെയും സ്വാർഥത്തിനു പകരം മനുഷ്യസേവനത്തെയും തെരഞ്ഞെടുത്തതുകൊണ്ട് സുഖമോ സംതൃപ്തിയോ പ്രസാദാത്മകതയോ അവിടുത്തെ ഗാർഹികാന്തരീക്ഷത്തെ കടാക്ഷിച്ചിരുന്നില്ലെന്ന് ഒരിക്കലും അർഥമാക്കരുത്. കുണ്ടും കുഴിയുമില്ലാത്ത സമനിരപ്പായ ഭൂമി; വൈവിധ്യമോ വൈചിത്ര്യമോ തീണ്ടാത്ത നിശ്ചല ജീവിതം; വികാര വിചാര വിമുക്തമായ ശോകമൂകമായൊരന്തരീക്ഷം; അലയോ തിരയോ ഇല്ലാത്ത നിതാന്ത നിശ്ചലമായൊഴുകുന്ന നദി– അവിടുത്തെ ഗാർഹിക ജീവിതത്തെക്കുറിച്ച് ഇങ്ങനെയൊരു ചിത്രം മനസ്സിൽ കാണുന്നവർക്ക് തെറ്റി. മനുഷ്യജീവിതത്തിനു രസമണക്കുന്ന വൈവിധ്യമാർന്ന സകല അനുഭൂതിവിശേഷങ്ങളും അവിടുത്തെ ഗൃഹാന്തരീക്ഷത്തിൽ മുറ്റിനിന്നിരുന്നു. സാധാരണ ജീവിതം എന്തുമാത്രം അഴകാർന്നതാണോ അത്രതന്നെ അഴകാർന്നതായിരുന്നു അവിടുത്തെ ജീവിതവും. അതിരുകടന്ന ആഹ്ലാദോന്മത്തതയോ സുഗഭോഗാസക്തിയോ ഉണ്ടായിരുന്നെന്നു ഇപ്പറഞ്ഞതിനർഥമില്ല. അവിടുന്നു ഉറങ്ങുകയും ഉണർന്നിരിക്കുകയും ചെയ്തിരുന്നു; ചിലപ്പോൾ സന്തുഷ്ടനും മറ്റു ചിലപ്പോൾ അസന്തുഷ്ടനുമായിരുന്നു. ചുരുക്കത്തിൽ മനുഷ്യ ജീവിതത്തിന്റെ എല്ലാവിധ അവസ്ഥാന്തരങ്ങളും അവിടുത്തെ ജീവിതത്തിലും കാണാം. സമ്പൂർണ മാതൃകയായിരുന്നു അവിടുത്തെ ജീവിതം എന്ന ഏക വ്യത്യാസമാണുണ്ടായിരുന്നത്.

ഭാര്യമാരോട് അങ്ങേയറ്റത്തെ വാത്സല്യത്തിലാണ് നബി(സ) വർത്തിച്ചത്. പ്രിയങ്കരങ്ങളായ ഭക്ഷണപദാർഥങ്ങൾ പോലും അവരുടെ അഭീഷ്ടം മാനിച്ച് നബി(സ) ത്യജിച്ചിട്ടുണ്ട്. നബിയുടെ ഈ സ്നേഹവും വാത്സല്യവും അല്ലാഹുവിനിഷ്ടപ്പെട്ടു; എങ്കിലും ദീനിൽ അനുവദനീയമായൊരു കാര്യം അനുവദനീയമല്ലാതാക്കുമാറ് ഈ വാത്സല്യം അതിക്രമിക്കരുതെന്ന് നബി(സ)യെ പ്രത്യേകം ഉണർത്തുകയും ചെയ്തു. വിശുദ്ധ പത്നിമാരിൽ നബിക്ക് വലിയ വിശ്വാസമായിരുന്നു. അവരുമായി അദ്ദേഹം രഹസ്യങ്ങൾ കൈമാറുമായിരുന്നു. രഹസ്യ സൂക്ഷിപ്പിൽ വീഴ്ച വരുത്തിയാൽ അവരെ ഗുണദോഷിക്കുകയും ചെയ്തിരുന്നു. ഭർത്താവ് വിശ്വസിച്ചേൽപിച്ച രഹസ്യങ്ങൾ യഥാർഥം സൂക്ഷിക്കലും അതിൽ വഞ്ചന ചെയ്യാതിരിക്കലുമാണ് പത്നീ ധർമം.

എന്നാൽ, സവിശേഷ രീതിയിലാണ് നബി ഭാര്യമാരെ ഗുണദോഷിക്കാറ്. കോപിച്ചാൽ കലിതുള്ളി പൊതിരെ തല്ലുകയായിരുന്നില്ല നബിയുടെ പതിവ്. പ്രത്യുത, സൗമ്യമായി കാര്യങ്ങൾ പറഞ്ഞു ധരിപ്പിക്കും. വിശുദ്ധ പത്നിമാർക്കിടയിലെ ബന്ധം വളരെ സുഖകരമായിരുന്നു. സ്ത്രീസഹജമായ ചില്ലറ ഉരസലുകൾ അവർക്കിടയിൽ ഉണ്ടായിരുന്നുവെങ്കിലും, പത്നിമാർ അന്യോന്യം രഹസ്യങ്ങൾ കൈമാറുക പോലും ചെയ്തിരുന്നു. അതിരുകടന്ന വിശ്വാസം വിനവരുത്തിവെക്കാതിരിക്കാനും വിശ്വാസരാഹിത്യം നാശഹേതുവാകാതിരിക്കാനും നബി(സ) നല്ല പോലെ ശ്രദ്ധിച്ചു. ജീവിതത്തിന്റെ കയ്പും മധുരവും തികഞ്ഞ സമ്പൂർണ ജീവിത മാതൃകയാണ് നബിയുടെ ദാമ്പത്യം. പണ്ഡിതനായ ഇബ്നുൽ ഖയ്യിം എഴുതുന്നു:

"വളരെ സൗമ്യതയിലും രമ്യതയിലുമാണ് നബി(സ) പത്നിമാരോട് വർത്തിച്ചത്. അൻസാരി പെൺകുട്ടികൾ നബിയുടെ ഇഷ്ടപത്നിയായ ആഇശ(റ)യുടെ അടുക്കൽ വരാറുണ്ടായിരുന്നു. റസൂൽ അവരെ ആഇശയുമായി കളിക്കാൻ വിടും. ശരീഅത്തിൽ നിഷിദ്ധമാവാത്ത പത്നിമാരുടെ സർവ അഭിലാഷങ്ങളും നബി(സ) പൂർത്തീകരിച്ചുകൊടുത്തിരുന്നു. ആഇശ(റ) വെള്ളം കുടിച്ച കോപ്പയിൽ അവർ ചുണ്ടിൽ വെച്ച ഭാഗം നബിയും ചുണ്ടു വെച്ച് വെള്ളം കുടിക്കാറുണ്ടായിരുന്നു. രണ്ട് യാത്രകളിൽ നബി(സ) അവരെയും കൂടെകൊണ്ടുപോയി. നബി(സ) പറയാറുണ്ടായിരുന്നു; 'ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ് നിങ്ങളിൽ ഉത്തമൻ. ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുന്നവനാണ് ഞാൻ.' അസ്ര്‍ നമസ്കാരാനന്തരം ഭാര്യമാരുടെ അടുക്കൽ പോയി കുശലം പറയുക നബിയുടെ പതിവായിരുന്നു.

ഊഴമനുസരിച്ച് ഒരാളുടെ വീട്ടിൽ രാത്രി കഴിക്കുകയും ചെയ്തിരുന്നു." (സാദുൽ മആദ് വാ: 1, പേ: 38)

സ്നേഹവും വിശ്വാസവുമുള്ളതോടൊപ്പം സ്വകുടുംബത്തെ വിചാരണ ചെയ്യുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു നബി(സ). നബിയുടെ പരിചാരകനായിരുന്ന അനസ് (റ) പറയുന്നു: "പത്ത് വർഷക്കാലം ഞാൻ നബി(സ)യെ പരിചരിക്കുകയുണ്ടായി. സുദീർഘമായ ആ കാലയളവിൽ 'ഛെ' എന്നുപോലും അദ്ദേഹം എന്നോട് പറഞ്ഞിട്ടില്ല. ചെയ്ത ഒരു പ്രവൃത്തിയെ കുറിച്ച് അതെന്തിനു ചെയ്തുവെന്നോ ചെയ്യാത്ത ഒന്നിനെ കുറിച്ച് അതെന്തുകൊണ്ട് ചെയ്തില്ല എന്നോ അദ്ദേഹം എന്നോട് ചോദിച്ചിട്ടില്ല." ഒരു വശത്ത് സ്നേഹത്തിന്റെയും കരുണയുടെയും ഒരു വിശാല പ്രപഞ്ചം: മറുവശത്ത് ദീനീ വിഷയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത ഗൗരവ പ്രകൃതം– ഇതാണ് നബിയിൽ നാം കാണുക. സ്വന്തം കാര്യങ്ങൾക്ക് നബി(സ) ആരോടും ഒരിക്കലും പ്രതികാരം ചെയ്തിട്ടില്ല. എന്നാൽ ദീനിന്റെ കാര്യത്തിലാണെങ്കിൽ അദ്ദേഹം യാതൊരലംഭാവവും പൊറുക്കുമായിരുന്നില്ല. ആഇശയേക്കാൾ നബിയോടേറ്റം അടുത്ത ആളായി മറ്റാരുണ്ട്? ഒരിക്കൽ സഫിയ്യ(റ)യെപ്പറ്റി ആഇശ നബിയോട് ഇപ്രകാരം പറയുകയുണ്ടായി. "സഫിയ്യയുടെ കവിൾ ചെറുതായി എന്നത് അത്ര നിസ്സാര കാര്യമാണോ?'' റസൂലിന്റെ നിശിതമായ മറുപടി നോക്കുക: "കടലിനെപ്പോലും കലുഷമാക്കാൻ പോന്നതാണ് നീ പറഞ്ഞ വാക്ക്." ഭാര്യമാരോടുള്ള റസൂലിന്റെ സ്നേഹാതിരേകത്തിന്റെ ഒരു വശമാണ് ഈ വിവരണം. കേവലം മാംസനിബദ്ധമായ സ്നേഹം പുലർത്തുന്നവർ സ്വന്തം കാര്യങ്ങളിൽ എപ്പോഴും കുടിലമനസ്കരും ക്രുദ്ധരും ക്രൂരരുമായിരിക്കും. അതിനു ഭംഗം വന്നാൽ അവർ കോപിച്ചു കലിതുള്ളും. എന്നാൽ ദൈവത്തിന്റെയും മതത്തിന്റെയും കാര്യത്തിൽ എന്തുതരം വിട്ടുവീഴ്ചക്കും അവർ തയാറായിരിക്കും. പരലോക മോക്ഷത്തിനു വേണ്ടി തന്റെ ഭാര്യാസന്തതികൾ എന്തു ചെയ്യുന്നുവെന്നത് അവർക്ക് പ്രശ്നമായിരിക്കില്ല. എന്നാൽ ഇതിനു വിപരീതമായിരുന്നു നബിയുടെ സ്വഭാവം. സ്വന്തം സുഖഭോഗങ്ങളേക്കാൾ പത്നിമാർ പരലോക കാര്യങ്ങളിൽ ദത്തശ്രദ്ധരായിരിക്കണമെന്നായിരുന്നു റസൂലിന്റെ ശാഠ്യം. പ്രവാചക പത്നിമാരുടെ പദവി എന്തുമാത്രം മഹോന്നതമാണോ അതിന്നനുസരിച്ച് അവരുടെ ബാധ്യതകളും കൂടും. അവർ ചെയ്യുന്ന തെറ്റിനു ശിക്ഷ ഇരട്ടിയായിരിക്കും. "പ്രവാചക പത്നിമാരേ, നിങ്ങളിൽ ആരെങ്കിലും പ്രത്യക്ഷമായൊരധർമം പ്രവർത്തിക്കുന്നതായാൽ അതിന് ഇരട്ടി ശിക്ഷ കിട്ടുന്നതായിരിക്കും. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം അതത്രയും എളുപ്പമാണ്. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയും സുകൃതം പ്രവർത്തിക്കുകയും ചെയ്താൽ രണ്ടിരട്ടി കൂലി ലഭിക്കും. ഉത്തമമായ ദാനം നാം അവർക്ക് ഒരുക്കിവെച്ചിട്ടുമുണ്ട്."

നബി കുടുംബത്തിന്റെ ഭാരിച്ച കടമകളെ കുറിച്ച ചിന്ത റസൂലിനെ സദാ അലട്ടിക്കൊണ്ടിരുന്നു. ദുൻയാവിനു പകരം പരലോക സൗഭാഗ്യം തേടാൻ അനുനിമിഷം അദ്ദേഹം ഭാര്യമാരെ പ്രോത്സാഹിപ്പിച്ചിരുന്നു. താൻ രാത്രി നമസ്കരിക്കുമ്പോൾ ഭാര്യമാരും തന്നോടൊപ്പം ആ മഹാഭാഗ്യത്തിൽ പങ്കാളികളാവണമെന്ന് നബിക്ക് നിർബന്ധമുണ്ടായിരുന്നു. വാതിൽക്കൽ വല്ല യാചകനും വന്നാൽ അവന്റെ അവകാശങ്ങളെക്കുറിച്ച് റസൂൽ അവരെ തെര്യപ്പെടുത്തും; വല്ല അതിഥിയും എത്തിപ്പെട്ടാൽ പരിചരണത്തിനു അവരെ പ്രേരിപ്പിക്കും. ഇടക്ക് പത്നിമാരെ വിളിച്ചു കൂട്ടി അവരുടെ പരലോകം നോക്കാൻ താനാളല്ലെന്നും അതിനായി ഓരോരുത്തരും ആവുന്നത്ര പ്രവർത്തിക്കണമെന്നും ഉണർത്തിക്കലും റസൂലിന്റെ പതിവായിരുന്നു. ●